Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th December 2015

## വോട്ടിംഗ് യന്ത്രത്തകരാറ് സർക്യൂട്ട് ബോർഡിലെ തകരാറ് മൂലം

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ വോട്ടിംഗ് യന്ത്രങ്ങൾ തകരാറിലായത് ബാലറ്റ് യൂണിറ്റ് സർക്യൂട്ട് ബോർഡിലെ ഈർപ്പം കാരണമാണെന്ന് ഉന്നതതല അന്വേഷണ കമ്മീഷൻ കണ്ടെത്തി.

മുന്നൂറിൽപ്പരം ബാലറ്റ് യൂണിറ്റുകളാണ് പ്രസ്സ് എറർ മൂലം തകരാറിലായത്. ഇതു കാരണം ചില ബൂത്തുകളിൽ പോളിംഗ് വൈകി ആരംഭിക്കുകയും തടസ്സപ്പെടുകയും ചെയ്തിരുന്നു. 114 ബൂത്തുകളിൽ റീപോളിംഗും ആവശ്യമായി വന്നു.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺയൂണിവേഴ്സിറ്റി മുൻ പ്രോ വൈസ്ചാൻസലർ പ്രൊഫ. കെ. ആർ. ശ്രീവത്സൻ, സീഡാക് ഡയറക്ടർ ജനറൽ പ്രൊഫ. രജത് മൂന, സീഡാക് എക്സിക്യൂട്ടീവ് ഡയറക്ടർ ബി. രമണി എന്നിവരടങ്ങിയ സമിതിയാണ് പരിശോധന നടത്തിയത്.

വോട്ടിംഗ് യന്ത്രത്തിലെ കണ്ട്രോൾ യൂണിറ്റുകൾക്ക് തകരാറില്ലെന്ന് പ്രാഥമിക പരിശോധനയിൽ തെളിഞ്ഞിരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യയാണ് വോട്ടിംഗ്യന്ത്രങ്ങൾ നിർമ്മിച്ചു നൽകിയത്. ആകെയുള്ള 1.12 ലക്ഷം ബാലറ്റ് യൂണിറ്റുകളിൽ ഒരു ബാച്ചിൽപ്പെട്ട 20000 ത്തോളം യൂണിറ്റുകളിലെ സർക്യൂട്ട് ബോർഡ്, ഈർപ്പമുള്ള കാലാവസ്ഥയിൽ, ചില സന്ദർഭങ്ങളിൽ പ്രവർത്തന രഹിതമാകാൻ സാദ്ധ്യതയുണ്ടെന്നുള്ള അന്വേഷണ കമ്മീഷന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ആ ബാച്ചിലെ മുഴുവൻ ബാലറ്റ്യൂണിറ്റുകളുടെ സർക്യൂട്ട്ബോർഡിലും ആവശ്യമായ ക്രമീകരണം നടത്താൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ട്രോണിക് കോർപ്പറേഷന് നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 230/2015)*